പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ. *88

25.01.2018 -ലെ മറുപടിയ്ക്ക്

## തോട്ടം തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ്മ<br>ശ്രീ.ജെയിംസ് മാത്യൂ<br>ശ്രീ.കെ. സുരേഷ് കുറുപ്പ്<br>ശ്രീ.എസ്. രാജേന്ദ്രൻ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) തോട്ടം തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) 1951-ലെ പ്ലാന്റേഷൻ ലേബർ നിയമം, 1959-ലെ പ്ലാന്റേഷൻ ലേബർ ചട്ടം എന്നിവ അനുശാസിക്കുന്ന എല്ലാ ക്ഷേമ പ്രവർത്തനങ്ങളും തോട്ടം തൊഴിലാളികൾക്ക് ലഭ്യമാക്കുന്നുണ്ട്. 2013-ലെ എസ്റ്റേറ്റ് തൊഴിലാളികളുടെ ദുരിതാശ്വാസ പദ്ധതി പ്രകാരം മരണമടയുന്ന തോട്ടം തൊഴിലാളികളുടെ നിയമാനുസൃത ആശ്രിതർക്ക് 25,000/- രൂപ ധനസഹായം നൽകി വരുന്നു. സാമ്പത്തിക പ്രതിസന്ധി മൂലം പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് 1951-ലെ പ്ലാന്റേഷൻ ലേബർ ആക്ട്, റൂൾസ് പ്രകാരം ലഭിക്കേണ്ട ആനുകൂല്യങ്ങളും സൗകര്യങ്ങളും നടപ്പിലാവാത്തതിനാൽ തൊഴിലാളികളുടെ സമാശ്വാസ പ്രവർത്തനങ്ങൾക്കായി പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു.<br><br>പൂട്ടിക്കിടക്കുന്ന തോട്ടം തൊഴിലാളികൾക്ക് ഓണത്തോടനുബന്ധിച്ച് 2000 /- രൂപ വീതം എക്സ്ഗ്രേഷ്യാ വിതരണം ചെയ്തിട്ടുണ്ട്. |
| ബി) ഇവർക്കായി വിവിധ സമാശ്വാസ പദ്ധതികൾ ആരംഭിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്ലാന്റേഷൻ മേഖലയിലെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 24.11.2016, 05.04.2017 എന്നീ തീയതികളിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗങ്ങളും ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട് ചർച്ച ചെയ്യുന്നതിന് 06.02.2017-ലും പ്ലാന്റേഷൻ മേഖലയിലെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 09.05.2017 ലും മീറ്റിംഗുകൾ നടന്നിട്ടുണ്ട്. |

സി) വിവിധ രോഗങ്ങൾ മൂലം ദുരിതമനുഭവിക്കുന്ന പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികൾക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

സി) തോട്ടം മേഖലയിലെ തൊഴിലാളികളുടെ ചികിത്സയ്ക്കായി ഡിസ്പെൻസറികൾ, ഗ്രൂപ്പ് ഹോസ്പിറ്റൽ, ഗാർഡൻ ഹോസ്പിറ്റൽ എന്നിവ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ റഫറൽ ചികിത്സകളും നൽകിവരുന്നു. അത്യാധുനിക ചികിത്സാ സൗകര്യങ്ങളായ സ്കാനിംഗ്, ആൻജിയോഗ്രാം തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുണ്ട്. ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പ്ലാന്റേഷൻ ലേബർ മെഡിക്കൽ അഡ്വൈസറി ബോർഡ് പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റികൾ മുഖേന ചികിത്സാ ധനസഹായം നൽകിവരുന്നു. ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ മൊബൈൽ മെഡിക്കൽ ക്യാമ്പുകൾ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിൽ നടന്നു വരുന്നു.

കൂടാതെ തോട്ടം മേഖലയിലെ മുഴുവൻ തൊഴിലാളികളെയും ആർ.എസ്.ബി.വൈ ൽ അംഗങ്ങളാക്കി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഡി) പ്രസ്തുത തൊഴിലാളികൾക്ക് ഇ.എസ്.ഐ. നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഡി) തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് നിലവിൽ ഇ.എസ്.ഐ ആനുകൂല്യം ലഭ്യമല്ല. തൊഴിലാളികൾക്ക് ഇ.എസ്.ഐ ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യതകൾ ഇ.എസ്.ഐ കോർപ്പറേഷനുമായി ബന്ധപ്പെട്ട് പരിശോധിച്ചു വരുന്നു.

Sreeleh

**സെക്ഷൻ ഓഫീസർ**